## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1240** — **06.03.2018 ൽ മറുപടിയ്ക്ക്**

## ജൈവകൃഷിയുടെ സാധ്യതകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. അൻവർ സാദത്ത്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്, നിലവിൽ സംസ്ഥാനത്ത് ജൈവകൃഷിയ്ക്ക് വർദ്ധിച്ച സാധ്യതയാണ് ഉള്ളത്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പഴം, പച്ചക്കറികളിൽ രാസകീടനാശിനികളുടെ സാന്നിധ്യം അനുവദനീയമായ അളവിലും വളരെ ഉയർന്ന അളവിലാണെന്ന് പഴം, പച്ചക്കറി സാമ്പിളുകൾ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച് "കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന" വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബിൽ നടത്തിയതിനെ തുടർന്ന് ബോധ്യപ്പെട്ടിരുന്നു. 3 മാസത്തിലൊരിക്കൽ ഈ പരിശോധന ഫലം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഈ പരിശോധനകൾ പുറത്ത് വിട്ട റിപ്പോർട്ടുകൾ ഇത്തരം കീടനാശിനികളുടെ അമിതവും അനിയന്ത്രിതവുമായ ഉപയോഗം അവ ഭക്ഷിക്കുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഗുരുതരമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളിൽ അന്യ സംസ്ഥാന പച്ചക്കറികളുടെ ഉപഭോഗം വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന പച്ചക്കറികളിലും ജനങ്ങൾ ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളോട് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നുണ്ട്.<br>ആരോഗ്യ സംരക്ഷണത്തിൽ ജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയാണ് ഉള്ളത്. അതിനാൽ |

| | | | |
|---|---|---|---|
| | | | തന്നെ ജനങ്ങൾ കഴിയുന്നതും വിഷലിപ്തമായ അന്യസംസ്ഥാന ഉൽപന്നങ്ങൾ പഴയത് പോലെ സ്വീകരിക്കുന്നില്ല. ജൈവ ഉൽപന്നങ്ങൾക്ക് മുൻഗണന നൽകുകയും കഴിയുന്നത്ര ഉൽപന്നങ്ങൾ സ്വന്തമായി ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് താൽപര്യം കാണിക്കുന്നുണ്ട്. ജനങ്ങളുടെ ഈ മാറ്റവും ജൈവ കൃഷിയിലുള്ള താല്പര്യവും സംസ്ഥാനത്ത് ജൈവ കൃഷിയ്ക്ക് വർദ്ധിച്ച സാധ്യതയാണ് കാണിക്കുന്നത്. |
| ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറികളെയും അതുണ്ടാക്കുന്ന ദോഷഫലങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | കേരള ഓർഗാനിക് എന്ന പേരിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കൃഷിചെയ്ത്, വിഷരഹിത ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള സംവിധാനം വിജയകരമാണോ; ഇത് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | വിജയകരമാണ്, നിലവിലുള്ള സംവിധാനം കൂടുതൽ ഫലവത്തായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. വിപണി വികസനം കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| ഡി) | കൃഷിഭവൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ എന്നിവ വഴി ജൈവപച്ചക്കറികൾ സംഭരിച്ച് വില്പന നടത്തുന്നതിന് പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുമോ; | ഡി) | നിലവിൽ കൃഷിഭവൻ, വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ എന്നിവ വഴി പച്ചക്കറികൾ സംഭരിച്ച് വില്പന നടത്തുന്നുണ്ട്. ജൈവ ക്ലസ്റ്ററുകൾ (ഉത്തമ കൃഷി മുറകൾ) ഉൽപാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ സംഭരിച്ച് കൃഷി ഭവനുകളിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ വഴി വിൽപന നടത്തുന്നു. ഇത്തരം ജൈവ ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ്, ലേബലിംഗ് നൽകി കേരള ഓർഗാനിക് ബ്രാൻറിലും വിൽക്കുന്നുണ്ട്. ഇതിനു പുറമെ കൃഷി ഭവൻ തലത്തിൽ ആഴ്ചചന്തകൾ വഴിയും ജൈവ ഉൽപന്നങ്ങൾ |

വില്പന നടത്തുന്നുണ്ട്. വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ 'തളിർ' എന്ന ബ്രാന്റിൽ safe to eat പച്ചക്കറികളും മറ്റുല്പന്നങ്ങളും വിൽപ്പന നടത്തുന്ന വിപണന ശൃംഗല ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ശാഖ കൊട്ടാരക്കരയിൽ ആരംഭിച്ചു.

| | | | |
|---|---|---|---|
| ഇ) | ഓർഗാനിക് എന്ന പേരിൽ ഉയർന്ന വിലയ്ക്ക് പല കടകളിലും വിൽക്കുന്ന പച്ചക്കറി വിഷലിപ്തമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ജനങ്ങളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ? | ഇ) | പരിശോധിച്ചിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബിൽ മാർക്കറ്റുകളിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും പച്ചക്കറി സാമ്പിളുകൾ എടുത്ത് കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന നടത്തി ഫലം സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഫലം പ്രസിദ്ധപ്പെടുത്തി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ഇപ്രകാരം ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്താനും കഴിയുന്നുണ്ട്.<br>ചൂഷണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. |

Mayal

**സെക്ഷൻ ഓഫീസർ**